**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 24** **23-01-2025 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പത്തനംതിട്ടയിൽ കായിക താരമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ അഞ്ച് വർഷത്തോളം ക്രൂരപീഡനത്തിന് ഇരയാക്കിയ സംഭവം പോലീസ് അടക്കമുള്ള സംവിധാനങ്ങളുടെ പോരായ്മയാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | പത്തനംതിട്ടയിലെ അതിജീവിതയായ കുട്ടി പഠിക്കുന്ന പള്ളിക്കൂടത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷന്റെ കീഴിലുള്ള "സ്നേഹിത" എന്ന ഹെൽപ്പ് ഡെസ്ക് മുഖേന നടന്ന കൗൺസി ലിങ്ങിലൂടെയാണ് ദളിത് വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ നിരവധിപേർ ലൈംഗികമായി പീഡിപ്പിച്ച കാര്യം വെളിപ്പെട്ടത്. അതീവ ഗൗരവകരമായ ഈ വെളിപ്പെടുത്തലിനെ തുടർന്ന് ചൈൽഡ് വെൽഫെയർ കമ്മറ്റി മുഖേന കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയാണുണ്ടായത്.<br><br>വീടിനുള്ളിലും പൊതുഇടങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്ന കാര്യത്തിൽ വിട്ടു വീഴ്ചയില്ലാത്ത നിലപാടാണ് സർക്കാരിനുള്ളത്. അതിനനുസൃതമായ പ്രവർത്തനങ്ങളിലാണ് പോലീസും വിവിധ സർക്കാർ വകുപ്പുകളും ഏർപ്പെട്ടുവരുന്നത്.<br><br>പോലീസ് പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് അന്വേഷണം ആരംഭിക്കുകയും പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.<br><br>ഇതുവരെ പത്തനംതിട്ടയിൽ 30 കേസുകളും തിരുവനന്തപുരം റൂറൽ ജില്ലയിൽ ഒരു കേസുമാണ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിലുള്ളത്. 31 കേസുകളും നിലവിൽ അന്വേഷണ ത്തിലാണ്. ഈ കേസുകളിലായി ആകെ 59 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>56 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് (രണ്ട് കേസുകളിലെ ഒരു പ്രതി ഉൾപ്പെടെ). പ്രതികളിൽ 7 പേർ പ്രായപൂർത്തിയാകാത്തവരാണ്. |

| | | | |
|---|---|---|---|
| | | | ഇനി അറസ്റ്റ് ചെയ്യാനുള്ള 2 പ്രതികൾ വിദേശത്തും ഒരാൾ ഒളിവിലുമാണ്.<br><br>പത്തനംതിട്ടയിൽ മൂന്ന് ഡി.വൈ. എസ്.പി.മാരുടെയും തിരുവനന്തപുരത്ത് വർക്കല ഡി.വൈ.എസ്.പി. യുടെയും നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br><br>പഴുതടച്ചുള്ള കേസന്വേഷണവും പ്രോസിക്യൂഷൻ നടപടികളും ഉറപ്പ് വരുത്തുന്നതിന് തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും തങ്ങൾ നേരിടുന്ന ദുരനുഭവങ്ങൾക്കെതിരെ പ്രതികരിക്കാനും കുറ്റവാളികൾക്കെതിരെ ഭയം കൂടാതെ പോലീസിൽ പരാതി നൽകാനുമായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | സ്ത്രീകൾക്കും, കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>സ്ത്രീകൾക്ക് കേരളാ പോലീസിന്റെ സഹായം പെട്ടെന്ന് ലഭിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ സംവിധാനമായ പോൽ (POL APP) ആപ്പ്, നിർഭയ ആപ്പ് എന്നിവ മൊബൈൽ ഫോണിൽ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.<br><br>ട്രെയിനുകളിൽ അടിയന്തര സാഹചര്യങ്ങളിൽ ടോൾ ഫ്രീ നമ്പറായ 9846200100, നാഷണൽ ഹൈവേകളിൽ ടോൾ ഫ്രീ നമ്പറായ 9846100100, ERSS ടോൾ ഫ്രീ നമ്പറായ 112 എന്നിവ നിലവിലുണ്ട്.<br><br>സൈബർ ലോകത്ത് വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളെ സജ്ജരാക്കുവാനായി കേരള പോലീസ്, *ബച്പൻ ബച്ചാവോ ആന്തോളൻ* സംഘടനയുമായി കൈകോർത്ത് "കൂട്ട്" എന്ന പേരിൽ ഒരു സമഗ്ര ബോധവൽക്കരണ നിയമസഹായ പദ്ധതി നടത്തി വരുന്നു.<br><br>രാത്രികാലങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിനായി "സഖി", "വൺ സ്റ്റോപ്പ് സെന്റർ", "സ്നേഹിത" എന്നീ ഷെൽട്ടർ ഹോം സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>സ്ത്രീ സമൂഹം നേരിടുന്ന ഗാർഹിക വൈവാഹിക വിവാഹേതര പ്രശ്നങ്ങളും, തർക്കങ്ങളും, ജോലിസ്ഥലത്തെ പ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ, വിവാഹ മോചന തർക്കങ്ങൾ, വ്യക്തിപരമായ ആവലാതികൾ, ദൈനംദിന ജീവിത പ്രശ്നങ്ങൾ, കുടുംബാന്തരീക്ഷത്തിൽ കുട്ടികൾക്കും പ്രായമായവർക്കെതിരെയുമുള്ള അതിക്രമങ്ങൾ |

എന്നിവ സുതാര്യവും സൗഹൃദപരവുമായ ഒത്തു തീർപ്പിലൂടെ മീഡിയേഷൻ, കൺസിലിയേഷൻ, കൗൺസിലിംഗ് എന്നിവ വഴി പരിഹാരം കണ്ടെത്തുന്നതിനായി വനിതാ സെല്ലുകൾ കേന്ദ്രീകരിച്ച് ഗാർഹിക പ്രശ്ന പരിഹാര കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഗാർഹിക പീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിനായി പോലീസ് സംവിധാനമായ "അപരാജിത" പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പരാതികൾ 9497996992 എന്ന ഫോൺ നമ്പർ മുഖേനയും Email ID ആയ aparajitha.pol@ kerala. gov. in മുഖേനയും അറിയിക്കാവുന്നതാണ്.

പരാതികൾ വീട്ടുകളിൽ ചെന്ന് അന്വേഷിച്ച് തീർപ്പാക്കുന്നതിന് പിങ്ക് ബീറ്റ് പട്രോളിംഗും പ്രവർത്തിച്ചുവരുന്നു.

മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് സഹായഹസ്തവുമായി കേരളാ പോലീസ് നടപ്പിലാക്കിയ "ചിരി-പദ്ധതി" സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിനായി ചിരി ഹെൽപ്പ് ലൈൻ നമ്പർ (9497900200) നിലവിലുണ്ട്.

സൈബർ പോലീസ് സ്റ്റേഷൻ മുഖാന്തിരം സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ നൽകുകയും എല്ലാ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസുമായി സഹകരിച്ച് സൈബർ സെക്യൂരിറ്റി ക്ലബ്ബുകളും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും ഏത് സമയത്തും ഭയം കൂടാതെ കടന്നു ചെല്ലാവുന്ന രീതിയിൽ പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും PRO സംവിധാനം, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക് സംവിധാനം, ചൈൽഡ് ഫ്രണ്ട് ലി പോലീസ് സ്റ്റേഷൻ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

ജനമൈത്രി ബീറ്റ് ഓഫീസർമാരുടെ ഫോൺ നമ്പർ ഭവന സന്ദർശന സമയത്ത് നൽകിയിട്ടുള്ളതും സ്റ്റേഷൻ മൊബൈൽ, ഹൈവേ പോലീസ്, പിങ്ക് പോലീസ്, കൺട്രോൾ റൂം വാഹനം മുതലായവയുടെ അടിയന്തര സഹായം ഉറപ്പ് വരുത്തുന്നതിന് ഫോൺ നമ്പർ പൊതുസ്ഥലങ്ങളിലും സാമൂഹ്യ മാധ്യമങ്ങൾ വഴിയും പ്രദർശിപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | സ്ത്രീകൾക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിനും സ്വയം സുരക്ഷയും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്കും കുട്ടികൾക്കും സ്വയംരക്ഷ പരിശീലനവും ബോധവൽക്കരണ ക്ലാസുകളും നൽകി വരുന്നുണ്ട്.<br><br>പോലീസിൽ നിന്ന് ലഭിക്കേണ്ട വിവിധ സേവനങ്ങൾക്കായി "തുണ" (THUNA) എന്ന വെബ് പോർട്ടൽ സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.<br><br>ആത്മവിശ്വാസം വളർത്തുന്നതിനുള്ള നടപടിയെന്ന നിലയിലും അതിക്രമങ്ങൾക്കെതിരെ ആത്മവിശ്വാസത്തോടെ പോരാടുന്നതിന് സമൂഹത്തിലെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനുമായി എല്ലാ ജില്ലകളിലെയും സ്ത്രീകൾക്കും പെൺകുട്ടികൾക്കും സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിനുമായി ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടി നടത്തിവരുന്നു.<br><br>ലൈംഗിക അതിക്രമങ്ങളെ അതിജീവിച്ച, ദുർബലമായ സാഹചര്യങ്ങളിലുള്ള കേരളത്തിലെ സ്ത്രീകളും കുട്ടികളും ആത്മവിശ്വാസത്തോടെ അന്തസ്സോടെ സമൂഹത്തിൽ ജീവിക്കാൻ സഹായിക്കുന്ന പിന്തുണ സംവിധാനങ്ങൾ നിർഭയ പോളിസിയുടെ അടിസ്ഥാനത്തിൽ ചെയ്തു വരുന്നു.<br><br>ജുവനൈൽ ജസ്റ്റീസ് ആക്ട് സെക്ഷൻ 107 നിർദ്ദേശിക്കുന്ന പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.<br><br>കുട്ടികൾക്കെതിരെയുണ്ടാകുന്ന ഓൺ ലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേകം ഊന്നൽ നൽകികൊണ്ട് കേരള പോലീസിന്റെ സൈബർ ഡോം ന്റെ ഭാഗമായി Counter Child Sexual Exploitation Center (CCSE)-ന് രൂപം നൽകിയിട്ടുണ്ട്.<br><br>ലൈംഗികാതിക്രമകേസുകളിലെയും ബാലപീഡന കേസുകളിലെയും അതിജീവിതർക്ക് സമയബന്ധിതമായി നീതിയും നിയമ സഹായവും ഉറപ്പാക്കുന്നതിനായി വിക്ടിം ലെയ്സൺ ഓഫീസറെ നിയമിക്കുകയും ചെയ്തി ട്ടുണ്ട്. |
| (സി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ഇരകൾക്ക് ഭയം കൂടാതെ പരാതി നൽകാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റി, | (സി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ തടയുന്നതിനും ഭയം കൂടാതെ പരാതി നൽകുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റി, ചൈൽഡ് ലൈൻ |

| | | | |
|---|---|---|---|
| | വിദ്യാഭ്യാസ വകുപ്പ് അടക്കമുള്ളവയെ ഏകോപിപ്പിച്ച് കാര്യക്ഷമമായ സംവിധാനമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | | ജുവനൈൽ പോലീസ് യൂണിറ്റ് എന്നിവ ഒന്നിച്ച് പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ